ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ബാധകമല്ല.

(ഡി) ഭക്ഷ്യസാധനങ്ങൾക്ക് ഹോട്ടലുകളിൽ വിലവിവരം പ്രസിദ്ധീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

വാഹനങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്ന പാചക വാതകം

73 [1970] ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. എ. വാഹിദ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹികാവശ്യത്തിനുള്ള പാചകവാതകം വാഹനങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നുണ്ടോ ;

(ബി) ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിന്റെ വിലയെന്താണ്;

(സി) വാഹനത്തിൽ ഇന്ധനമായി നൽകുന്ന വാതകത്തിന്റെ വിലയെന്താണ് ;

(ഡി) വാഹനങ്ങളിൽ ഇന്ധനമായി ഉപയോഗിക്കുന്ന വാതകത്തിന് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എത്ര ;

(ഇ) പാചക വാതകത്തിനുള്ള സബ്സിഡി എത്രയാണ് ;

(എഫ്) പാചക വാതകം ഇന്ധനവാതകമായി മാറ്റുമ്പോൾ ടാക്സിനത്തിൽ സംസ്ഥാന സർക്കാരിനും സബ്സിഡിയിനത്തിൽ കേന്ദ്രത്തിനും എന്തു തുക നഷ്ടമുണ്ടാകും ?

ഉത്തരം

(എ) ഗാർഹികാവശ്യത്തിനുള്ള പാചക വാതകം വാഹനങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകൾ ലഭിക്കുകയും ചില കേസുകളിൽ ഗാർഹികാവശ്യത്തിനുള്ള സിലിണ്ടറുകൾ മോട്ടോർ വാഹനങ്ങളിൽ നിന്ന് പിടിച്ചെടുക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന് തിരുവനന്തപുരം മേഖലയിൽ സിലിണ്ടറിന് 303.77 രൂപയാണ്. മറ്റു മേഖലകളിൽ വിലയിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കിലോഗ്രാമിന് 36.50 രൂപ (ലിറ്ററിന് 20 രൂപ). പ്രൈവറ്റ് കമ്പനികളാണ് ഈ വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്നത്.

(ഡി) ഇല്ല.

(ഇ) സിലിണ്ടറിന് 116 രൂപ.

(എഫ്) സെയിൽടാക്സ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ഒരു കിലോഗ്രാം എൽ. പി. ജി.ക്ക് 3.12 രൂപ നഷ്ടമുണ്ടാകും. കേന്ദ്ര സർക്കാരിന് സിലിണ്ടറിന് 116 രൂപയോളം സബ്സിഡി ഇനത്തിൽ ഇപ്പോൾ നഷ്ടം വരുന്നുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ്

74 [1971] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള കേന്ദ്രീകൃത പർച്ചേസ് രീതിക്ക് മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) കേന്ദ്രീകൃത പർച്ചേസിലൂടെ വാങ്ങുന്ന സാധനങ്ങൾ ലോക്കൽ പർച്ചേസ് നടത്താറുണ്ടോ; ലോക്കൽ പർച്ചേസ് നടത്തുന്നത് ടെണ്ടർ മുഖാന്തിരമാണോ ;

(സി) കേന്ദ്രീകൃത പർച്ചേസ് രീതി പ്രകാരം ഹെഡ് ഓഫീസ് വഴി ടെണ്ടർ നടക്കുന്ന മാസങ്ങളിൽ റീജിയണൽ ഓഫീസുകളിൽ ടെണ്ടർ നടത്താറുണ്ടോ ;

(ഡി) എങ്കിൽ ഏതു മാസം മുതൽ; പ്രസ്തുത മാസങ്ങളിലെ ടെണ്ടറുകളിൽ ഹെഡ് ഓഫീസിലും റീജിയണൽ ഓഫീസുകളിലും എത്രപേർ വീതം പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ മാവേലി സ്റ്റോറുകളിൽ സാധനങ്ങളുടെ ദൗർലഭ്യം ഒഴിവാക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കാനും ലോക്കലായി വാങ്ങാറുണ്ട്. ടെൻഡറിലെ നിരക്കിലോ അതിലും കുറച്ചോ വാങ്ങാൻ ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റിയ്ക്ക് അധികാരം കൊടുത്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 2004 നവംബർ മാസം മുതൽ

ഹെഡ് ഓഫീസ്	റീജിയണൽ ഓഫീസുകൾ
11/04-28	11/04-02
12/04-16	12/04-09
1/05-15	1/05-21
2/05-14	2/05-04

LIBRARY ARCHIVES Kerala Legislative Assembly